**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1979** **03-03-2025-ൽ മറുപടിയ്ക്ക്**

**<u>വിഴിഞ്ഞം ഔട്ടർ റിംഗ് റോഡ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. ഐ. ബി. സതീഷ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നും ചരക്ക് നീക്കം സാധ്യമാക്കുന്നതിനായി നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡ് വഴി റെയിൽപ്പാത നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിനായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

**<u>മറുപടി:</u>** നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ നിർദേശമനുസരിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിന് ഔട്ടർ റിംഗ് റോഡ് വഴി റെയിൽ പാത നിർമ്മിക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് രണ്ട് ഏജൻസികൾ സ്വതന്ത്രമായി പഠിക്കുകയുണ്ടായി. അദാനിയുടെ റെയിൽവേ ഡിവിഷനും, കൊങ്കൺ റെയിൽ കോർപ്പറേഷനും ആണ് ഈ ഏജൻസികൾ.

**(ബി)** പ്രസ്തുത ഏജൻസി നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡിൽ ഉപരിതല പാതയോ എലിവേറ്റഡ് പാതയോ നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രത്യേകം പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>**

ഔട്ടർ റിംഗ് റോഡുമായി ബന്ധപ്പെട്ട് (ORR) NHAI നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ KRCL ഉം AVPPL ഉം സ്വതന്ത്രമായി നടത്തിയ പഠനങ്ങൾ പ്രകാരം, ഔട്ടർ റിംഗ് റോഡ് അലൈൻമെന്റ് സാങ്കേതികമായും, സാമൂഹികമായും, പാരിസ്ഥിതിക മായും വലിയ വെല്ലുവിളികൾ ഉയർത്തുന്നു എന്ന് കണ്ടെത്തുകയുണ്ടായി. കൂടാതെ പദ്ധതി പൂർത്തിയാക്കാൻ അധിക സമയവും തുകയും ആവശ്യമായി വരുകയും ചെയ്യും. ഇക്കാരണത്താൽ ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് വഴിയുള്ള റെയിൽ കണക്ടിവിറ്റി നിർമ്മാണം പ്രായോഗികമല്ല എന്ന് രണ്ട് ഏജൻസികളും വിലയിരുത്തിയിട്ടുണ്ട്.

**<u>KRCL നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ</u>**

ബാലരാമപുരത്തിന് സമീപം ഏകദേശം 3.5 കിലോമീറ്റർ ദൂരത്തിൽ ആഴത്തിലുള്ള ഖനനം ആവശ്യമാണെന്നും, റെയിൽവേ ഗ്രേഡിയന്റ് 1:10 ആയി നിലനിർത്താൻ വിഴിഞ്ഞം ഭാഗത്തേക്ക് ഫില്ലിംഗും അധിക കട്ടിംഗും ആവശ്യമാണെന്നും റിപ്പോർട്ടിൽ പറയുന്നു. റോഡ് ക്രോസിംഗുകൾ കൈകാര്യം ചെയ്യുന്നതിനും വെർട്ടിക്കൽ ഗ്രേഡിയന്റ്

മാനദണ്ഡങ്ങൾ പാലിക്കുന്നതിനും നിരവധി വയാഡക്ടുകൾ (Viaducts) ആവശ്യമാണ്. കൂടാതെ ഏകദേശം 22.90 ലക്ഷം ക്യൂബിക് മീറ്ററിൽ ഖനന പ്രവർത്തനങ്ങളും 3.3 ലക്ഷം ക്യൂബിക് മീറ്റർ ഫില്ലിംഗും ആവശ്യമായി വരുന്നു. ആഴത്തിലുള്ള കട്ടിംഗ് ഉള്ള ഭാഗങ്ങളിൽ 50 മീറ്റർ വീതി പരിഗണിക്കുമ്പോൾ ഏകദേശം 23 ഹെക്ടർ ഭൂമി അധികമായി ഏറ്റെടുക്കേണ്ടി വരും. ഇത് പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും അധിക ചെലവ് വരുത്തുമെന്ന് വിലയിരുത്തുന്നു. 3,037.07 കോടി രൂപയാണ് നിർമ്മാണത്തിന് കണക്കാക്കിയിരിക്കുന്നത്. കൂടാതെ ഡി.പി.ആർ തയ്യാറാക്കൽ, അനുമതികൾ, പരിസ്ഥിതി അനുമതി, ഭൂമി ഏറ്റെടുക്കൽ എന്നിവയ്ക്കായി 2-3 വർഷം അധികമായി വേണ്ടിവരും.

**<u>AVPPL ന്റെ റെയിൽവേ വിദഗ്ധരുടെ പഠനത്തിലെ കണ്ടെത്തലുകൾ</u>**

റെയിൽവേ ഗ്രേഡിയന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി വിപുലമായ ഖനനവും ഫില്ലിംഗും വേണ്ടിവരുന്നതിനാൽ ഔട്ടർ റിംഗ് റോഡ് മീഡിയനിലൂടെയുള്ള ഉപരിതല റെയിൽ അലൈൻമെന്റ് പ്രായോഗികമല്ലെന്നും ഇതിന് വലിയ

തുക ചെലവ് വരുമെന്നും റിപ്പോർട്ടിൽ പറയുന്നു. ഔട്ടർ റിംഗ് റോഡിൽ നിന്നും തുറമുഖത്തേക്ക് പ്രവേശിക്കുന്നതിന് രണ്ട് വ്യത്യസ്ത മാർഗങ്ങളാണ് തിരഞ്ഞെടുത്തത്.

a) തുറമുഖത്തിന്റെ തെക്ക് ഭാഗത്തുനിന്നുള്ള പ്രവേശനം, (b) തുറമുഖത്തിന്റെ വടക്ക് ഭാഗത്തു നിന്നുള്ള പ്രവേശനം. തുറമുഖത്തിന്റെ തെക്ക് ഭാഗത്തുനിന്നുള്ള പ്രവേശനം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റിന്റെ സ്വാഭാവിക പ്രവേശന കവാടമാണ് .

എന്നാൽ ഇവിടെ പ്രവേശന കവാടം വരുകയാ ണെങ്കിൽ ഇൻ-പോർട്ട് യാർഡ് വടക്ക് ഭാഗത്തേക്ക് മാറ്റേണ്ടി വരുകയും, അത് കോട്ടപ്പുറം പള്ളിക്ക് സമീപമുള്ള കടൽത്തീരത്തേക്ക് നീളുകയും ചെയ്യുന്നതായി കണ്ടെത്തി. മത്സ്യബന്ധന തൊഴിലാളികളിൽ നിന്നും പള്ളി അധികൃതരിൽ നിന്നും ഇതിനെതിരെ കടുത്ത സാമൂഹിക പ്രതിഷേധം ഉണ്ടാകാൻ സാധ്യതയുണ്ടെന്നും, നിലവിലുള്ള വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനത്തെ ഇത് ബാധിക്കുമെന്നും വിലയിരുത്തുന്നു.

തുറമുഖത്തിന്റെ വടക്ക് ഭാഗത്തുനിന്നും ഔട്ടർ റിംഗ് റോഡ് വഴി പ്രവേശിക്കുമ്പോൾ ഏകദേശം 3 കിലോമീറ്റർ നീളത്തിൽ മുൻ ടണൽ അലൈൻമെന്റ് ഉപയോഗിക്കുകയും തുടർന്ന് ബാലരാമപുരം സ്റ്റേഷനിൽ ചേരുന്നതിന് ഔട്ടർ റിംഗ് റോഡ് അലൈൻമെന്റിലേക്ക് മാറുകയുംവേണം.

രണ്ട് പഠന റിപ്പോർട്ടുകളും പരിശോധിക്കുമ്പോൾ പ്രസ്തുത പദ്ധതി നടപ്പിലാക്കുക എന്നത് സാങ്കേതികമായും, സാമ്പത്തികമായും, സാമൂഹിക മായും ഏറെ വെല്ലുവിളി നേരിടുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്.

**(സി)** പ്രസ്തുത റിംഗ് റോഡിനോടനുബന്ധിച്ചുള്ള റെയിൽവേ പദ്ധതി പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്നതാണെന്ന് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല

**(ഡി)** ഔട്ടർ റിംഗ് റോഡിന്റെ ലാൻഡ് അക്വിസിഷൻ അടക്കമുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഔട്ടർ റിംഗ് റോഡിന്റെ പദ്ധതിയ്ക്കായി വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള പ്രദേശത്ത് ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിലെ 24 വില്ലേജുകളിൽ ഉൾപ്പെടുന്ന ആകെ 414.31 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3 എ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 100.11 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 3 ഡി വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്

S.O. 1541 (E) dated 31.03.2023

S.O. 1625 (E) dated 05.04.2023,

S.O. 1854 (E) dated 24.04.2023,

S.O. 1974 (E) dated 01.05.2023

ഇതിനു പുറമേ ബാക്കിയുള്ളവ NH Act, 1956 പ്രകാരമുള്ള 3 ഡി നോട്ടിഫിക്കേഷൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ CALA, തിരുവനന്തപുരം സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**